2608/B1/14/Envt

**പതിമൂന്നാം കേരള നിയമസഭ**

**പതിനൊന്നാം സമ്മേളനം**

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.1924 — 16.06.2014 ൽ മറുപടിയ്ക്ക്

**പങ്കാളിത്ത പരിസ്ഥിതി പരിപാലന പദ്ധതി**

| ചോദ്യം | | മറുപടി |
|---|---|---|
| ശ്രീ.ഷാഫി പറമ്പിൽ<br>ശ്രീ.കെ.മുരളീധരൻ<br>ശ്രീ.ലൂഡി ലൂയിസ്<br>ശ്രീ.എ.പി.അബ്ദുള്ളക്കുട്ടി | | ശ്രീ.തിരുവഞ്ചൂർ രാധാകൃഷ്ണൻ<br>(വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്ട്സും സിനിമയും വകുപ്പുമന്ത്രി) |

(എ) പങ്കാളിത്ത പരിസ്ഥിതി പരിപാലന പദ്ധതി പ്രഖ്യാപിച്ചിട്ടുണ്ടോ; വിശദമാക്കുമോ;

(ബി) എന്തെല്ലാം ഉദ്ദേശ്യലക്ഷ്യങ്ങളാണ് ഇതുവഴി കൈവരിക്കാനുദ്ദേശിക്കുന്നത്; വിശദാംശങ്ങൾ എന്തെല്ലാം;

(എ) പങ്കാളിത്ത പരിസ്ഥിതി പരിപാലന പദ്ധതി ഔദ്യോഗികമായി 03.06.2014 ൽ പ്രഖ്യാപിച്ചിട്ടുണ്ട്.

(ബി) ഹരിതകേരളം, ഹരിത പങ്കാളിത്തം എന്നതാണ് പദ്ധതിയുടെ ലക്ഷ്യം. അതിൽ താഴെ പറയുന്ന പദ്ധതികൾ ഉൾപ്പെടുന്നു.

**1. ഒരാൾക്ക് ഒരു മരം**

പൊതുജനങ്ങളുടെയും സാമൂഹ്യക്ഷേമ സംഘടനകളുടേയും സഹകരണത്തോടെ വരുന്ന 2 വർഷക്കാലയളവിനുള്ളിൽ ഒരു മരം വീതം ഓരോ മലയാളിയും നട്ടുവളർത്തുകയെന്നതാണ് പദ്ധതി കൊണ്ടുദ്ദേശിക്കുന്നത്.

**2. ജലസമൃദ്ധ കേരളം**

നദികളും, അരുവികളും പൊതു കുളങ്ങളും മലിനമാക്കപ്പെടുന്നത് തടയുക എന്ന ഉദ്ദേശത്തോടുകൂടി തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലൂടെ നടപ്പിലാക്കുന്ന പദ്ധതിയാണിത്.

**3. ശുചിത്വ കേരളം**

ശാസ്ത്രീയവും വികേന്ദ്രീകൃതവുമായ മാലിന്യ സംസ്ക്കരണം നടപ്പിലാക്കുകയെന്നതാണ് ഈ പദ്ധതിയിലൂടെ ലക്ഷ്യമിടുന്നത്. ഉചിതമായ സാങ്കേതിക വിദ്യയുടെ പ്രയോഗത്തിലൂടെ മാലിന്യത്തെ ഒരു വരുമാന സ്രോതസ്സാക്കി മാറ്റാനുള്ള ശ്രമങ്ങളും ഈ പദ്ധതിയുടെ ലക്ഷ്യമാണ്.

**4. പദ്ധതിയുടെ പുനരവലോകനവും മേൽനോട്ടവും**

സർക്കാരിൽ നിന്നുള്ള വിദഗ്ധ

രെയും പൊതുജനങ്ങളിൽ നിന്നുമുള്ള പ്രതിനിധികളെയും ഉൾപ്പെടുത്തിക്കൊണ്ടുള്ള പരിസ്ഥിതി വകുപ്പ് മന്ത്രിയുടെ അദ്ധ്യക്ഷതയിലുള്ള പാരിസ്ഥിതിക ഉപദേശക സമിതി, പദ്ധതിയുടെ കാലാനുസൃതമായ വികസനത്തിന് വേണ്ടിയുള്ള നടപടിക്രമങ്ങൾ കൈക്കൊള്ളുന്നതാണ്.

**5. സുസ്ഥിര കേരളം**

സംസ്ഥാനത്തിന്റെ ജൈവവൈവിധ്യമുൾപ്പെടെ പരിസ്ഥിതിയെക്കുറിച്ചുള്ള ഒരു സമഗ്രമായ റിപ്പോർട്ട് തയ്യാറാക്കി പ്രസിദ്ധീകരിക്കുന്നതിനായി കാലാവസ്ഥാ വ്യതിയാന പഠന കേന്ദ്രത്തെ ചുമതലപ്പെടുത്തിയിരിക്കുന്നു. കാലാവസ്ഥാ വ്യതിയാനത്തെക്കുറിച്ച് സാമാന്യ ജനങ്ങളിൽ അവബോധം സൃഷ്ടിക്കുന്നതിനും, ശാസ്ത്രം തെളിക്കുന്ന വഴിയിലൂടെ സഞ്ചരിക്കുന്നതിനും, വികസന പദ്ധതികളുടെ ആവിഷ്ക്കരണത്തിലും ഈ പഠന ഗവേഷണകേന്ദ്രം മാർഗ്ഗദർശിയായി വർത്തിക്കും.

(സി) ഏതെല്ലാം വകുപ്പുകളും ഏജൻസികളുമാണ് ഇതുമായി സഹകരിക്കുന്നത്; വിശദമാക്കുമോ;

(സി) പരിസ്ഥിതി കാലാവസ്ഥാ വ്യതിയാന വകുപ്പ്, വനം-വന്യജീവി വകുപ്പ്, തദ്ദേശ സ്വയംഭരണ വകുപ്പ്, കൃഷി വകുപ്പ്, ജലവിഭവ വകുപ്പ്, വിദ്യാഭ്യാസ വകുപ്പ്, കാലാവസ്ഥാ വ്യതിയാന പഠന കേന്ദ്രം, വിവിധ സന്നദ്ധ സംഘടനകൾ

(ഡി) പദ്ധതികൾ സമയബന്ധിതമായി നടപ്പാക്കാൻ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്?

(ഡി) ഹരിതശ്രീ പദ്ധതി ജൂൺ 5 ന് ആരംഭിച്ചു. വൃക്ഷം നട്ട വ്യക്തികൾ, സംഘടനകൾ, കലാലയങ്ങൾ/ഏജൻസികൾ തന്നെ അതിന്റെ പരിപാലനവും നടത്തണം. നന്നായി പരിപാലിക്കുന്ന കലാലയങ്ങൾക്ക് പാരിതോഷികങ്ങൾ നൽകുന്നതാണ്. മറ്റു പദ്ധതികൾക്കുള്ള രൂപരേഖ ബന്ധപ്പെട്ട വകുപ്പുകൾ ഒത്തൊരുമിച്ച് തയ്യാറാക്കി വരുന്നു.

സെക്ഷൻ ഓഫീസർ